**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 859** **30-06-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗങ്ങൾക്ക് സിവിൽസർവീസ് പരിശീലന കേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗങ്ങൾക്കായി എല്ലാ ജില്ലയിലും സിവിൽ സർവീസ് പരീക്ഷാ പരിശീലന കേന്ദ്രം ആരംഭിക്കാൻ നടപടി സ്വീകരിക്കാമോ? | (എ) | സിവിൽ സർവീസ് പരീക്ഷാ പരിശീലനം നൽകുന്നതിനായി ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി (ICSETS) എന്ന സ്ഥാപനം പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചു വരുന്നു. സംസ്ഥാനത്തെ പ്രധാനപ്പെട്ട സിവിൽ സർവീസ് പരിശീലന കേന്ദ്രങ്ങളിൽ ചേർന്ന് പഠിക്കുന്നതിനായി ഈ സ്ഥാപനം വഴി ലക്ഷ്യ സ്കോളർഷിപ്പ് പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിയുടെ തിരുവനന്തപുരം, കോഴിക്കോട്, പാലക്കാട്, മലപ്പുറം എന്നീ സെന്ററുകൾ വഴി സിവിൽ സർവീസ് പരിശീലനം നേടുന്ന പട്ടികവിഭാഗം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുന്നുണ്ട്. 50 പട്ടികവർഗ്ഗ വിദ്യാർത്ഥകളെ പ്രാഥമികമായി തെരഞ്ഞെടുത്ത് അവർക്ക് ഓറീയന്റേഷൻ ട്രെയിനിംഗ് നൽകി മികവ് തെളിയിക്കുന്ന 20 പേർക്ക് ഇൻഡ്യയിലെ മികച്ച സിവിൽസർവീസ് പരിശീല കേന്ദ്രങ്ങളിൽ ദീർഘകാല പരിശീലനം നൽകി അവരെ സിവിൽസർവീസ് പരീക്ഷക്ക് സജ്ജരാക്കുന്നതിനുള്ള പദ്ധതി ഈ സർക്കാർ ആരംഭിച്ചിട്ടുണ്ട്. ആദ്യ ബാച്ചിന്റെ പരിശീലനം 30/06/2022 ന് ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ